LBRD-C4/172/2024-LBRD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം- ജീവനക്കാര്യം- മാടായി ഐ.ടി.ഐയിലെ ജൂനിയർ ഇൻസ്ട്രക്ടർ ആയ ശ്രീ.അർജ്ജുൻ.പി.ബി.ക്ക് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.438/2025/LBR തീയതി,തിരുവനന്തപുരം, 29-03-2025

---

പരാമർശം:-
1. മാടായി ഐ.ടി.ഐയിലെ ജൂനിയർ ഇൻസ്ട്രക്ടർ ആയ ശ്രീ.അർജ്ജുൻ.പി.ബി. 25/08/2024-ൽ സമർപ്പിച്ച അവധി അപേക്ഷ
2. ട്രെയിനിംഗ് ഡയറക്ടറുടെ 19/09/2024 തീയതിയിലെ ഡി.ടി/3967/2024- എ7 നമ്പർ കത്ത്

**ഉത്തരവ്**

വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലുള്ള മാടായി ഐ.ടി.ഐയിലെ ജൂനിയർ ഇൻസ്ട്രക്ടർ ആയ ശ്രീ.അർജ്ജുൻ.പി.ബി.ക്ക് ബാംഗ്ലൂർ എനർജി ഇൻസ്റ്റിറ്റ്യൂട്ടിൽ എം ടെക് പഠനം നടത്തുന്നതിനായി 01/08/2024 മുതൽ 31/07/2026 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ ശുപാർശ ചെയ്ത് പരാമർശം 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തുടർച്ചയായ മൂന്ന് വർഷത്തിലധികം സേവനമുള്ള സാഹചര്യത്തിൽ, മാടായി ഐ.ടി.ഐയിലെ ജൂനിയർ ഇൻസ്ട്രക്ടർ ആയ ശ്രീ.അർജ്ജുൻ.പി.ബി.ക്ക് പഠനാവശ്യത്തിനായി 01/08/2024 മുതൽ 31/07/2026 വരെ പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, പെൻഷൻ, ഹയർ ഗ്രേഡ്, ആർജ്ജിതാവധി എന്നിവയ്ക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.അർജ്ജുൻ.പി.ബി, ജൂനിയർ ഇൻസ്ട്രക്ടർ, ഐ.ടി.ഐ, മാടായി(ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം..
ധനകാര്യ വകുപ്പ്. (23/12/2024ലെ 2981878/എൽ.ബി.ആർ1/263/2024/ധന നമ്പർ നോട്ട് പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്. ( ഗവൺമെന്റ് വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Usha Rani L
Date: 01-04-2025 11:39:00

സെക്ഷൻ ഓഫീസർ